# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE: 03.10.2026**

1. താഴേത്തട്ടിലുള്ള യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയാകണം സാമ്പത്തിക-സാമൂഹിക വികസനത്തിനായുള്ള നയങ്ങൾ രൂപീകരിക്കേണ്ടതെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

2. പകർച്ചവ്യാധികളും ജീവിതശൈലി രോഗങ്ങളും കുറയ്ക്കുന്നതിന് ജീവിത രീതിയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

3. സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വികസന പദ്ധതികളുടെ പ്രചാരണ പരിപാടിയായ 'സമഗ്രയുടെ രണ്ടാം പതിപ്പ് പാലക്കാട് മന്ത്രി കെ.എ.തുളസി ഉദ്ഘാടനം ചെയ്തു.

4. സംസ്ഥാന സ്കൂൾ കായികമേളയിൽ നീന്തൽ മത്സര വേദിയുടെ മേൽക്കൂര തകർന്നുവീണ് വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പരിക്കേറ്റ സംഭവത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ നാലു ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNU TVPM

6. ഏഷ്യൻ ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് ഇന്ത്യ. ഗോൾഫിലും അമ്പെയ്ത്തിലും ഇന്ന് സുവർണ നേട്ടം.

*******************************************

## ഉപരാഷ്ട്രപതി - കൗടില്യ (ഇൻട്രോ)

സാമ്പത്തിക-സാമൂഹിക വികസനത്തിനായുള്ള നയങ്ങൾ രൂപീകരിക്കുമ്പോൾ, നയരൂപകർത്താക്കൾ അടിസ്ഥാനതലത്തിൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് 'കൗടില്യ സാമ്പത്തിക സംഗമം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസനം രാജ്യത്തെ എല്ലാ വിഭാഗങ്ങൾക്കും എല്ലാ പ്രദേശങ്ങൾക്കും പ്രയോജനകരമാകണ മെന്നും അദ്ദേഹം പറഞ്ഞു.അതിവേഗം മാറുന്ന സാഹചര്യങ്ങൾക്ക നുസരിച്ച് പൊരുത്തപ്പെടാനും അവ ഫലപ്രദമായി നടപ്പാക്കാനും കഴിയുന്നത്ര വഴക്കമുള്ളതായിരിക്കണം നയങ്ങളെന്ന് അദ്ദേഹം പറഞ്ഞു.

(വോയ്സ് - ഉപരാഷ്ട്രപതി)

RNU TVPM

*******************************************

## കേരള ഹാർട്ട് കെയർ സൊസൈറ്റി

പകർച്ചവ്യാധികളും ജീവിതശൈലി രോഗങ്ങളും കുറയ്ക്കുന്നതിന് ജീവിത രീതിയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇത്തരം രോഗങ്ങൾ കൈകാര്യം ചെയ്യാൻ ആരോഗ്യമേഖലയിൽ മാറ്റം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. കേരള ഹാർട്ട് കെയർ സൊസൈറ്റിയുടെ സിൽവർ ജൂബിലി ആഘോഷം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

*******************************************

## സമഗ്ര - പാലക്കാട്

സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വികസന പദ്ധതികളുടെ പ്രചാരണ പരിപാടിയായ 'സമഗ്രയുടെ രണ്ടാം പതിപ്പ് പാലക്കാട് പറളിയിൽ മന്ത്രി കെ. എ തുളസി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 100 ദിന കർമ്മ പരിപാടിയുടെ സമാപന ഉത്ഘാടനവും മന്ത്രി നിർവഹിച്ചു. പിന്നാക്ക മത ന്യൂനപക്ഷങ്ങളുടെ സമഗ്രമായ പുരോഗതിയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രയ്ക്ക് രൂപം നൽകിയിരിക്കുന്നത്.

*******************************************

## പ്രധാനമന്ത്രി - ഇ ലേലം

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിച്ച സമ്മാനങ്ങളുടെ ഇ-ലേലത്തിനുള്ള തീയതി ഈ മാസം 31 വരെ നീട്ടി. ലേലത്തിലൂടെ ലഭിക്കുന്ന തുക 'നമാമി ഗംഗെ' പദ്ധതിയിലേക്ക് വിനിയോഗിക്കുന്നതിലൂടെ ഈ സമ്മാനങ്ങൾക്ക് സാമൂഹിക ലക്ഷ്യം കൂടി കൈവരുമെന്ന് സാംസ്കാരിക മന്ത്രാലയം വ്യക്തമാക്കി. കൂടുതൽ വിവരങ്ങൾ PMMEMENTOS.GOV.IN ൽ ലഭ്യമാകും.

*******************************************

## ബാലാവകാശ സംരക്ഷണ കമ്മീഷൻ

തൃശ്ശൂരിൽ സംസ്ഥാന സ്കൂൾ കായികമേളയോടനുബന്ധിച്ച് നീന്തൽ മത്സരങ്ങൾ നടക്കുന്ന വേദിയുടെ മേൽക്കൂര തകർന്നുവീണ് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പരിക്കേറ്റതായ മാധ്യമ വാർത്തയിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. കായിക മേളയിൽ തികഞ്ഞ അനാസ്ഥയാണ് സംഘാടകരുടെ ഭാഗത്തുനിന്ന് ഉണ്ടായതെന്നും

RNU TVPM

കമ്മീഷൻ ചൂണ്ടിക്കാട്ടി. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവരോട് കമ്മീഷൻ വിശദീകരണം തേടി.

*********************************************

### ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*********************************************

### അന്താരാഷ്ട്ര കാലിഗ്രഫി ഫെസ്റ്റിവൽ

കൈയക്ഷരം വെറും എഴുത്തിനുള്ള മാർഗമല്ലെന്നും അത് സൃഷ്ടിപരമായ ആവിഷ്കാരത്തിന്റെയും കലാപരമായ അനുഭവത്തിന്റെയും ഭാഗമാണെന്നും മുഖ്യമന്ത്രി വി. ഡി. സതീശൻ പറഞ്ഞു. കൊച്ചിയിൽ അന്താരാഷ്ട്ര കാലിഗ്രഫി ഫെസ്റ്റിവൽ 2026 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതുതലമുറ ഡിജിറ്റൽ ഉപകരണങ്ങളെ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യത്തിൽ, പേനയും പെൻസിലും ഉപയോഗിക്കുന്ന ശീലം നിലനിർത്തേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. കാലിഗ്രഫി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ഥാപനപരവും അക്കാദമികവുമായ സാധ്യതകൾ സർക്കാർ പരിശോധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

*********************************************

### 25 വർഷം-പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ

RNU TVPM

പരിപാടികൾ പുരോഗമിക്കുന്നു. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ, ഇന്ന് വടക്കു കിഴക്കൻ മേഖലയിലെ പുരോഗതിയെ ക്കുറിച്ചാണ് . അടിസ്ഥാന സേവനങ്ങളും, ഗതാഗത-വാർത്താവിനിമയ ബന്ധങ്ങളിലുണ്ടായ മുന്നേറ്റവും മേഖലയുടെ വികസനം ത്വരിതപ്പെടുത്തുകയാണ് . പരിസ്ഥിതിക്കും പ്രദേശവാസികൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള നയപരമായ പിന്തുണയും തുടർച്ചയായ നിക്ഷേപവും ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിര നേട്ടങ്ങൾ കൈവരിക്കാൻ മേഖലയെ സഹായിച്ചു. സന്തുലിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ 'വികസിത ഭാരതം' കെട്ടിപ്പടുക്കുന്നതിൽ വടക്കുകിഴക്കൻ മേഖലയുടെ തുടർപുരോഗതി നിർണ്ണായകമാണ് .

******************************************

RNU TVPM

## സൂര്യകാന്തി - ഇടുക്കി

ശീതകാല പച്ചക്കറികളുടെ വിളനിലമായ ഇടുക്കി വട്ടവടയിൽ പൂകൃഷിക്ക് പ്രിയമേറുന്നു. ചെണ്ടുമല്ലി കൃഷിയുടെ വിജയത്തിന് പിന്നാലെ വട്ടവടയിൽ സൂര്യകാന്തി കൃഷിയും വ്യാപകമാകുകയാണ്. കുറഞ്ഞ അധ്വാനവും മികച്ച ലാഭവും നൽകുന്നതോടെ കൂടുതൽ കർഷകരാണ് വട്ടവടയിൽ സൂര്യകാന്തി കൃഷിയിലേക്ക് തിരിയുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

(വോയ്സ്)

******************************************

## മഴ – സംസ്ഥാനം

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ നാലു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിട്ടി അറിയിച്ചു.

******************************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ മെഡൽ നേട്ടവുമായി ഇന്ത്യ മുന്നേറുന്നു. 18 സ്വർണ്ണം 26 വെള്ളി 36 വെങ്കലമുൾപ്പെടെ 80 മെഡലുമായി അഞ്ചാം സ്ഥാനത്താണ് ഇന്ത്യ . ഗോൾഫ് വനിതാ വിഭാഗത്തിൽ പ്രണവി ഉർസ് സ്വർണ്ണം നേടി. ഏഷ്യൻ ഗെയിംസിൽ ഗോൾഫിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരിയാണ് പ്രണവി. ഗോൾഫ് ടീം ഇനത്തിൽ പ്രണവി, അതിഥി, ദിക്ഷ എന്നിവരടങ്ങിയ ഇന്ത്യൻ സംഘത്തിന് വെള്ളിയും കരസ്ഥമാക്കി. അമ്പെയ്ത്ത് വനിതകളുടെ വ്യക്തിഗത റിക്കർവ് ഇനത്തിൽ കുങ്കും മോഹോഡും ഇന്ന് സ്വർണം നേടി. പുരുഷ റീകർവ് ഇനത്തിൽ നീരജ് ചൗഹാൻ വെങ്കലം നേടി. പുരുഷ 20 -20 ക്രിക്കറ്റ് ഫൈനലിൽ, പാകിസ്ഥാൻ - ഇന്ത്യ മത്സരം പുരോഗമിക്കുകയാണ്. പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.

******************************************

## ശ്രീശങ്കറിന് സ്വീകരണം

അതിനിടെ, ഏഷ്യൻ ഗെയിംസിൽ വെള്ളിമെഡൽ നേടിയ ലോങ്ജംപ് താരം ശ്രീശങ്കറിന് ജന്മനാടായ പാലക്കാട് സ്വീകരണം

RNUTVPM

നൽകി. വി.കെ.ശ്രീകണ്ഠൻ എം.പി , രമേശ് പിഷാരടി എം.എൽ.എ മുൻ ഏഷ്യൻ ഗെയിംസ് ജേതാക്കളായ പി.യു.ചിത്ര, ഒളിമ്പ്യൻ പ്രീജ ശ്രീധരൻ തുടങ്ങിയവർ സ്വീകരണത്തിന് നേതൃത്വം നൽകി. ശ്രീശങ്കറിനെ മന്ത്രി കെ.എ.തുളസി വീട്ടിലെത്തി പൊന്നാട അണിയിച്ച് അഭിനന്ദിച്ചു.

*******************************************

## ഏഷ്യൻ ഗെയിംസ് സമാപനം

നാളെ നടക്കുന്ന ഏഷ്യൻ ഗെയിംസ് സമാപന ചടങ്ങിൽ ട്രാപ്പ് ഷൂട്ടർ നീരു ധണ്ഡ ഇന്ത്യയുടെ വനിതാ പതാകാവാഹകയാകും . ഗെയിംസിൽ രണ്ട് സ്വർണ്ണവും ഒരു വെള്ളിയും നേടി നീരു മികച്ച പ്രകടനമാണ് കാഴ്ച്ചവെച്ചത്.

RNU TVPM

*******************************************

## ഏകദിന ക്രിക്കറ്റ്

ഇന്ത്യ വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഉച്ചയ്ക്ക് രണ്ട് മണിക്ക് പഞ്ചാബിലാണ് മത്സരം. രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

*******************************************

## ടെക്നിക്കൽ സ്കൂൾ ശാസ്ത്രമേള

സംസ്ഥാന ടെക്നിക്കൽ സ്കൂൾ ശാസ്ത്രമേളയ്ക്ക് പാലക്കാട്ടെ ഷൊർണൂരിൽ തുടക്കമായി. സംസ്ഥാനത്തെ 39 ടെക്നിക്കൽ സ്കൂളുകളിൽ നിന്നും, IHRD യുടെ 9 ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുമായി 700 ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. ശാസ്ത്രമേളയുടെ ഔദ്യോഗിക ഉത്ഘാടനം മന്ത്രി റോജി.എം.ജോൺ ഇന്ന് വൈകീട്ട് നിർവ്വഹിക്കും .

*************************************************

## പാങ്ങോട് - സ്ഥാപക ദിനം

പാങ്ങോട് സൈനിക കേന്ദ്രത്തിൽ 91 ഇൻഫൻട്രി ബ്രിഗേഡ് 60-ാം സ്ഥാപക ദിനം ആഘോഷിച്ചു. രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച വീരയോദ്ധാക്കൾക്ക് ആദരമർപ്പിച്ചുകൊണ്ട് പാങ്ങോട് സൈനിക കേന്ദ്രത്തിലെ ബ്രിഗേഡിയർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

*************************************************

## സ്വർണം

സ്വർണവില ഗ്രാമിന് 100 രൂപ കുറഞ്ഞ് 13,675 രൂപയും പവന് ഒരു ലക്ഷത്തി 9,400 രൂപയുമാണ് ഇന്നത്തെ വില.

*************************************************

RNUTVPM

## ഹോർമുസ് -ഇന്ത്യക്കാരെ രക്ഷപ്പെടുത്തി

ഹോർമുസ് കടലിടുക്കിൽ വെച്ച് ആക്രമണം നേരിട്ട കുവൈറ്റ് കപ്പലിൽ നിന്ന് അഞ്ച് ഇന്ത്യക്കാരെ രക്ഷപ്പെടുത്തിയതായി ഒമാനിലെ ഇന്ത്യൻ എംബസി. രക്ഷാപ്രവർത്തനത്തിന് ഒമാൻ അധികൃതർ നൽകിയ പിന്തുണയ്ക്ക് എംബസി നന്ദി രേഖപ്പെടുത്തി. പശ്ചിമേഷ്യയിൽ സംഘർഷം വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഹോർമുസ് കടലിടുക്കു വഴിയുള്ള വാണിജ്യ കപ്പലുകൾക്ക് നേരെ ആക്രമണങ്ങൾ വർധിക്കുകയാണ്.

*************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*****************************************************

## ഹർത്താൽ - കണ്ണൂർ

കണ്ണൂർ ശ്രീകണ്ഠപുരത്ത് ഇന്ന് യുഡിഎഫിന്റെ പകൽ ഹർത്താൽ. ഇന്നലെ വൈകിട്ട് സിപിഐഎം കോൺഗ്രസ് സംഘർഷത്തിനിടെ നഗരസഭാ അധ്യക്ഷനെ മർദ്ദിച്ചു എന്ന് ആരോപിച്ചാണ് രാവിലെ ആറ് മുതൽ വൈകിട്ട് ആറുമണി വരെ ഹർത്താൽ. ഹർത്താലിൽ നിന്ന് വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

**************************************************************************************************************************************************

*************************************************************************

RNU TVPM